(സി,ഡി) ഈ വർഷത്തെ ചാരായ വിതരണം സംബന്ധിച്ച് ഗവൺമെൻറ് ഇതുവരെ തീരുമാനമൊന്നുമെടുത്തിട്ടില്ല. ചാരായ വിതരണത്തിൽനിന്നും ഗവൺമെൻറിനു നേരിട്ടു ലാഭമോ നഷ്ടമോ ഉണ്ടാകുന്ന പ്രശ്നമില്ല. ഷാപ്പുടമകൾക്ക് കഴിയുന്നത്ര കുറഞ്ഞ വിലക്ക് മുടങ്ങാതെ ചാരായം നൽകേണ്ട ഉത്തരവാദിത്വം, ചാരായ ഷോപ്പുകൾ ലേലം ചെയ്തു കൊടുക്കുകയും ലേലത്തുക പിരിക്കുകയും ചെയ്യുന്ന ഗവൺമെൻറിനുണ്ട്. അതു നിറവേറ്റുന്നതിന്നു വേണ്ടിയാണ് ടെൻഡറിൻെറ അടിസ്ഥാനത്തിൽ ചാരായവിതരണാവകാശം നൽകുന്നത്. പത്രത്തിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പത്രത്തിൽ കണ്ട പരാതികൾ പലതും വസ്തുതാപരമായിത്തന്നെ തെറ്റാണ്.

നഷ്ടത്തിൽ നടക്കുന്ന ട്രാൻസ്പോർട്ടു സർവ്വീസുകൾ

*281 [297] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ടു സർവ്വീസുകളുടെ പ്രശ്നങ്ങളും, പരിഹാരങ്ങളും സ്ഥലം എം. എൽ. എ. അടങ്ങുന്ന ജില്ലാ വികസന സമിതിയുടെ ചർച്ചക്കു വിധേയമാക്കി പരിഹാരം കണ്ടെത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ബി) നഷ്ടത്തിൽ നടക്കുന്ന സർവ്വീസ് വേണ്ടുന്ന മാറ്റങ്ങൾ വരുത്താതെ നിറുത്തലാക്കുന്ന സമ്പ്രദായം പുന:പരിശോധിക്കുമോ;

(സി) ട്രാൻസ്പോർട്ടു ബസ്സിൻെറ റണ്ണിംഗ് സമയത്തിന് എത്രമിനിട്ടു മുമ്പു വരെ മറ്റു സ്വകാര്യ ബസ്സുകൾക്ക് സമയമനുവദിക്കാമെന്നതിന് തീരുമാനമെടുക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ കെ. നാരായണക്കുറുപ്പ്):

(എ) ജില്ലാ വികസന സമിതിയുടെ അഭിപ്രായങ്ങൾ പരിഗണനയിലെടുക്കുന്ന സംവിധാനം നിലവിലുണ്ട്.

(ബി) നഷ്ടമാണെന്നുള്ള ഏക പരിഗണനയിൽ മാത്രം സർവ്വീസുകൾ നിറുത്തലാക്കാറില്ല. വിദ്യാർത്ഥികൾക്കുള്ള സർവ്വീസുകൾ, മെയിൻ സർവ്വീസുകൾ, ന്യൂസ് പേപ്പർ കൊണ്ടുപോകാൻ വേണ്ടിയുള്ള സർവീസുകൾ ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയുടെ കാര്യത്തിൽ ലാഭനഷ്ടങ്ങൾ പരിഗണിക്കാറില്ല.

(സി) ട്രാൻസ്പോർട്ടു ബസ്സിനും സ്വകാര്യ ബസ്സിനും ഒരേ സമയം അനുവദിക്കാറില്ല. സ്വകാര്യ ബസ്സുകളുടെ തൊട്ടുപുറകിൽ ട്രാൻസ്പോർട്ടു ബസ്സുകൾ ഓടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

സ്റേറഡ് ട്രാൻസ്പോർട്ട് അഡ്വൈസറി കമ്മിറ്റി

*282 [298] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റേറഡ് ട്രാൻസ്പോർട്ട് അഡ്വൈസറി കമ്മറ്റിയിൽ എത്ര അനൗദ്യോഗിക അംഗങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly